ആയുർവേദ ചികിൽസാരംഗം അഭിവൃദ്ധിപ്പെടുത്തുന്നതിന്

നടപടി

* 79 [106] ശ്രീ. പി. ബി. ആർ. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ആയുർവേദത്തിന്റെ വികാസത്തേയും കൂടുതൽ മെച്ചപ്പെട്ട ചികിൽസ സമ്പ്രദായത്തേയും കണക്കിലെടുത്ത് ആയുർവേദ ചികിൽസാരംഗം കൂടുതൽ ശാസ്ത്രീയമായ നിലയിൽ വളർത്തിക്കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ഉടനടി എന്തെല്ലാം പരിപാടികൾ ആണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇത് സംബന്ധമായി എന്തെങ്കിലും സെമിനാറുകളോ വിദഗ്ദ്ധമായ ചർച്ചകളോ നടക്കുകയുണ്ടായിട്ടുണ്ടോ ;

(ഡി) ആയുർവ്വേദ ചികിൽസയുടെ ശാസ്ത്രീയമായ വളർച്ചയ്ക്കു വേണ്ടി ഏതെല്ലാം വിധത്തിലുള്ള റിസേർച്ച് ആയുർവേദ കോളേജിന്റെ നിയന്ത്രണത്തിൽ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) അലോപ്പതി ചികിൽസ ദിവസംപ്രതി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ, ആയുർവേദം ഇന്നും പഴയപടിതന്നെ തുടരുന്ന അവസ്ഥ മാറ്റി ഈ രംഗത്ത് കൂടുതൽ വിദഗ്ദ്ധമായ ചികിൽസാ സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുവാൻ ഉതകുന്ന വിധത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) അടുത്തകാലത്ത് രൂപീകരിച്ച ഫാർമാസ്യൂട്ടിക്കൽ കോർപ്പറേഷന്റെ പ്രവർത്തന പരിധിക്കുള്ളിൽ പല പരിപാടികളും ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതായത് ശാസ്ത്രീയമായി ആയുർവ്വേദ മരുന്നുകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുക ഇതിനുവേണ്ട പച്ച മരുന്നുകൾ വനത്തിൽ വച്ചുപിടിപ്പിക്കുക മുതലായവ. ഇതു കൂടാതെ ഒരു നാഷണൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുവേണ്ട നടപടിയും ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

(സി) തൃപ്പൂണിത്തുറയിൽവച്ച് നടന്ന നാഷണൽ ആയുർവേദ കോൺഫറൻസിൽ ഈ വിധ വിഷയങ്ങൾ എല്ലാം സമഗ്രമായി ചർച്ച ചെയ്തിട്ടുണ്ട്.

(ഡി) ആയുർവേദ കോളേജിലെ ബിരുദാനന്തര പഠനകേന്ദ്രത്തിൽ വിഷ ചികിൽസ, മർമ്മചികിൽസ, നേത്രചികിൽസാ ഫാർമസി, ദ്രവ്യഗുണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് റിസർച്ചു നടത്തുന്നുണ്ട്. കൂടാതെ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിൽ യോഗാസന ചികിൽസ, പേപ്പട്ടിവിഷം, ക്യാൻസർ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും ഗവേഷണം നടത്തുന്നുണ്ട്.

(ഇ) ബിരുദാനന്തര കേന്ദ്രവും, പെരുതുരുത്തിയിലെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും, ഫാർമാകോഗ്നോസി യൂണിറ്റും കൂടി ചേർന്ന് രൂപം കൊള്ളുന്ന നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി കൂടുതൽ വിദഗ്ദ്ധമായ ചികിൽസാ സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly